LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെതന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിലും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെതന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്. ദേശീയ വാണിജ്യ ബാങ്കുകളിലെ വായ്പകളുടെ പലിശ നിരക്കുകൾ തീരുമാനിക്കുന്നത് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അതത് ബാങ്കുകളുടെ ഭരണസമിതിയാണ്.

(ഡി) ലോക്ഡൗൺമൂലം പ്രയാസം അനുഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭക്ഷണത്തിനും താമസത്തിനും എന്തൊക്കെ ക്രമീകരണങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ലോക്ഡൗണിന്റെ ആരംഭത്തിൽതന്നെ അതിഥി തൊഴിലാളികൾക്ക് ഭക്ഷണം എത്തിക്കുക എന്ന സർക്കാർ നയം തൊഴിൽ വകുപ്പ് പ്രാവർത്തികമാക്കി. ലോക്ഡൗണിന്റെ ഒന്നാം ഘട്ടത്തിൽ ലേബർ ക്യാമ്പുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾക്കാണ് ഭക്ഷ്യ കിറ്റ് എത്തിച്ചത്. രണ്ടാം ഘട്ടമായി കോൺട്രാക്ടർമാർ, തൊഴിലുടമകൾ എന്നിവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലെ താമസ സ്ഥലങ്ങളിലുള്ള അതിഥി തൊഴിലാളികൾക്കും ഭക്ഷ്യ കിറ്റ് എത്തിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ കോവിഡ് പോസിറ്റീവ് ആകുന്ന അതിഥി തൊഴിലാളികൾക്ക് ചികിത്സയും താമസവും ഒരുക്കുന്നതിനായി ഡൊമിസിലിയറി കെയർ സെന്ററുകളും CFLTC's-കളും ആരംഭിച്ചിട്ടുണ്ട്.

കോവിഡ് കാലത്ത് തൊഴിൽ മേഖലയിലുണ്ടായ പ്രതിസന്ധികൾ

250(2606) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് തൊഴിൽ മേഖലയിലുണ്ടായ പ്രതിസന്ധികളെ നേരിടാൻ തൊഴിൽവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് കാലത്ത് ജോലി ലഭ്യത കുറയുകയോ ഇല്ലാതാകുകയോ ചെയ്ത അതിഥി തൊഴിലാളികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തണമെന്ന സർക്കാർ പോളിസി നടപ്പിലാക്കുന്നതിനാണ് തൊഴിൽ വകുപ്പ് ശ്രദ്ധ ചെലുത്തിയത്. ഇതിനായി സംസ്ഥാനത്ത് ജോലിക്കായി വന്നിരുന്ന അതിഥി തൊഴിലാളികളുടെ വിവരം ശേഖരിക്കുകയും, ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ സിവിൽ സപ്ലൈസിൽ നിന്നും ഭക്ഷ്യകിറ്റ് ലഭ്യമാക്കി ലേബർ ക്യാമ്പുകളിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും തുടർന്ന് കോൺട്രാക്ടർമാർ, തൊഴിലുടമകൾ എന്നിവരുടെ നിയന്ത്രണത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികൾക്കും ലഭ്യമാക്കുകയും ചെയ്തു. കോവിഡ് മഹാമാരിയുടെ ഒന്നാംഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് 1000 മുതൽ 3000 രൂപ വരെയും സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 1000 മുതൽ 5000 രൂപയും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും 1000 രൂപ വീതം ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) ക്ഷേമനിധി അംഗങ്ങൾക്ക് കോവിഡ് പ്രതിസന്ധി നേരിടാൻ തൊഴിൽവകുപ്പ് നൽകിയ ധനസഹായങ്ങൾ എത്ര തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കോവിഡ്-19-ന്റെ ഒന്നാം ഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ 18,04,267 തൊഴിലാളികൾക്കും സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 8,90,771 തൊഴിലാളികൾക്കും ഉൾപ്പെടെ ആകെ 26,95,038 തൊഴിലാളികൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വലിയ തോട്ടങ്ങളിലെ 44,753 തൊഴിലാളികൾക്കും പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ 1,363 തൊഴിലാളികൾക്കും കോവിഡ്-19 ധനസഹായം അനുവദിച്ചിരുന്നു. കോവിഡ്-19-ന്റെ രണ്ടാം ഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികൾക്കും പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും വലിയ തോട്ടങ്ങളിലെ തൊഴിലാളികൾക്കുമുൾപ്പെടെ ആകെ 21,03,298 തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 8,53,676 തൊഴിലാളികൾക്ക് നാളിതുവരെ രണ്ടാംഘട്ട ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതൊക്കെ തൊഴിൽ മേഖലകളിലാണ് വകുപ്പ് ധനസഹായങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിലെ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കശുവണ്ടി തൊഴിലാളികൾ, 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ, നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ബീഡി ചുരുട്ട് മേഖലയിൽ പണി യെടുക്കുന്ന തൊഴിലാളികൾ, ചെറുകിട തോട്ടം മേഖലയിലെ തൊഴിലാളികൾ, ആഭരണമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ, മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾ (ഫാക്ടറികൾ അനുബന്ധ സ്ഥാപനങ്ങൾ), കർഷക തൊഴിലാളികൾ, അബ്കാരി തൊഴിലാളികൾ, കള്ള് ചെത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, കൈത്തറി മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ, ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിലെ തൊഴിലാളികൾ, അസംഘടിതമേഖലയിലെ തൊഴിലാളികൾ എന്നീ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിന് കീഴിലെ ക്ഷേമനിധി ബോർഡുകൾ മുഖേന ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

251(2607) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം ആഘോഷങ്ങൾ, പൊതുപരിപാടികൾ, ഉത്സവങ്ങൾ എന്നിവ നടത്താൻ സാധിക്കാത്തതുമൂലം ലൈറ്റ് ആൻഡ് സൗണ്ട്, പന്തൽ മേഖല, ഫോട്ടോഗ്രാഫർമാർ, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളിലെ തൊഴിലാളികൾ അടക്കമുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ ജോലി ചെയ്തിരുന്ന അഞ്ചോളം തൊഴിലാളികൾ ഇതിനോടകം ആത്മഹത്യ ചെയ്തു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ പരിഗണിക്കുമോ?